## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3149 — 13.10.2011 - ൽ മറുപടിയ്ക്ക്

**പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്റർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. സുധാകരൻ** | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
| (എ) അമ്പലപ്പുഴ മണ്ഡലത്തിലെ പുന്നപ്ര ഫിഷ്ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരാണ് നടത്തുന്നത്; | (എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് |
| (ബി) ഇവിടുത്തെ മുറികൾ വാടകയ്ക്ക് നൽകാറുണ്ടോ; എങ്കിൽ വാടക എത്ര എന്നും വാടക പിരിക്കുന്നത് ആരാണ് എന്നും വ്യക്തമാക്കുമോ; | (ബി) ഉണ്ട്. പുന്നപ്ര ഫിഷ്ലാന്റിംഗ് സെന്ററിലെ 8 ലേലക്കർ മുറികളും മറ്റ് മുറികളും കൂടി 11 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഓരോ മുറികളും പരസ്യലേലം നൽകി ഉയർന്ന തുക ലേലം കൊണ്ട വ്യക്തികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) ഫിഷ്ലാന്റിംഗ് സെന്ററിന്റെ നടത്തിപ്പ് ലേലം ചെയ്ത് ആർക്കെങ്കിലും നൽകിയുണ്ടോ; എങ്കിൽ 2011 - 12 വർഷത്തിൽ ആരാണ് ലേലം പിടിച്ചിരിക്കുന്നത്; എത്ര തുകയ്ക്കാണ് ലേലം ഉറപ്പിച്ചിട്ടുള്ളത്; ലേല നടപടികൾ എങ്ങനെയെന്ന് വിശദീകരിക്കുമോ; | (സി) ഉണ്ട്, 18.03.2010 - ൽ നടത്തിയ ലേലത്തിൽ ഉയർന്ന തുകയായ 301000 രൂപ ക്വാട്ടു ചെയ്ത ശ്രീ. രാധാകൃഷ്ണൻ, ഹരിഭവനം, പുന്നപ്ര എന്ന വ്യക്തിക്ക് അനുവദിച്ച് നൽകിയെങ്കിലും ഇദ്ദേഹം 70,000 രൂപ മാത്രമേ അടച്ചിട്ടുള്ളു. നിയമപ്രകാരം ബാക്കി തുക അടക്കാത്ത സാഹചര്യത്തിൽ ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ ലേലം റദ്ദാക്കി രണ്ടാമത്തെ ഉയർന്ന തുകയായ 1,50,000/- രൂപ ക്വാട്ടു ചെയ്ത ആർ. രാമകൃഷ്ണൻ, കൊടിവീട്, പുന്നപ്ര എന്ന വ്യക്തിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം സർക്കാരിൽ ഉണ്ടായ നഷ്ടം ശ്രീ. രാധാകൃഷ്ണൻ, ഹരിഭവനം, പുന്നപ്ര എന്ന വ്യക്തിയിൽ നിന്നും ഈടാക്കുന്നതിനായി റവന്യൂ റിക്കവറിക്കുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുന്നപ്ര ഫിഷ്ലാന്റിംഗ് സെന്ററിൽ പ്രവേശിക്കുന്ന ആളുകളിൽ നിന്നും വാഹനങ്ങളിൽനിന്നും ചുങ്കം ഈടാക്കുന്നതിനായി പരസ്യലേലവും/ക്വട്ടേഷനുവേണ്ടിയുള്ള പരസ്യം പ്രസ്തുത പ്രദേശത്ത് പ്രചാരമുള്ള രണ്ട് ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ലേല നോട്ടീസ് ഹാർബർ പരിസരത്ത് സമീപപ്രദേശത്തുള്ള പഞ്ചായത്ത്/സർക്കാർ ഓഫീസുകളിൽ പരസ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ലേലത്തിലോ ക്വട്ടേഷനിലോ ഉയർന്ന തുക ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക് ലേലം/ക്വട്ടേഷൻ അനുവദിച്ച് നൽകുകയാണ്. |

| | |
|---|---|
| (ഡി) ഫിഷ്‌ലാന്റിംഗ് സെന്ററിലെത്തുന്ന വാഹനങ്ങൾക്ക് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഫീസ് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ഡി) സർക്കാരിന്റെ നിലവിലുള്ള ഗവൺമെന്റ് ഉത്തരവ് നമ്പർ (എം.എസ്) 19/2002/മ.തു.വ തീയതി 16.07.2002 അനുസരിച്ചുള്ളതാണ്. (അനുബന്ധമായി കൊടുക്കുന്നു.) |
| (ഇ) ഇവിടുത്തെ കാന്റീനും ഹാളും നശിച്ചു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ കാന്റീൻ കെട്ടിടം പുനരുദ്ധരിച്ച് കാന്റീൻ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തി പുനരുദ്ധരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുനരുദ്ധാരണം കഴിഞ്ഞാലുടനെ കാന്റീൻ നടത്താൻ നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) ഏതെങ്കിലും ഉദ്യോഗസ്ഥന് ഫിഷ് ലാന്റിംഗ് സെന്ററിന്റെ ചുമതല നൽകിയിട്ടുണ്ടോ; ആരാണ് ആ ഉദ്യോഗസ്ഥൻ; പ്രസ്തുത ഉദ്യോഗസ്ഥന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എഫ്) ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ ചുമതല അസിസ്റ്റന്റ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സെക്ഷൻ നമ്പർ 3 തോട്ടപ്പള്ളിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥന്റെ ചുമതലയിലാണ് ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ പരിപാലനം. ടി ഫിഷ് ലാന്റിംഗ് സെന്ററിന്റെ കെട്ടിടങ്ങളുടേയും മറ്റും എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ച് പ്രവർത്തി നടപ്പിലാക്കേണ്ടതും ടി ഉദ്യോഗസ്ഥന്റെ ചുമതലയാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

[illegible]

| ക്രമ നമ്പർ | | പ്രവേശനം മാത്രം | സാധാരണ മീനുകൾ | വിലയേറിയ മീനുകൾ (ചെമ്മീൻ കണവ) |
|---|---|---|---|---|
| 1 | കൈവണ്ടി | 4 രൂപ | 10 രൂപ | 50 രൂപ |
| 2 | ഓട്ടോ ട്രക്ക് | 5 രൂപ | 16 രൂപ | 80 രൂപ |
| 3 | ടെമ്പോ/മിനിവാൻ/പിക്കപ്പ് വാൻ | 16.50 രൂപ | 50 രൂപ | 150 രൂപ |
| 4 | മിനി ലോറി (6 വീൽ) | 22 രൂപ | 70 രൂപ | 350 രൂപ |
| 5 | ലോറി | 33 രൂപ | 80 രൂപ | 500 രൂപ |
| 6 | തല ചുമട് | 2 രൂപ | 1 രൂപ | 5 രൂപ |
| 7 | ആൾ ഒന്ന് | 2 രൂപ | | |
| 8 | സൈക്കിൾ | 3 രൂപ | | |
| 9 | ഓട്ടോറിക്ഷ | 11 രൂപ | | |
| 10 | മോട്ടോർ സൈക്കിൾ/സ്ക്കൂട്ടർ | 6 രൂപ | | |
| 11 | കാർ | 16.50 രൂപ | | |
| 12 | ഐസ് 50 കിലോ | 0.30 രൂപ | | |
| 13 | പൊതുജനത്തിന് വൈകിട്ട് 4 മുതൽ 6 വരെ | 1 രൂപ | | |

DB3/d/rl/mal